**File No.CEE/92/2022-TA4**

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ, തിരുവനന്തപുരം-**695001**

<u>വിജ്ഞാപനം</u>

## <u>കീം-2021</u>

**<u>എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്കുള്ള പ്രവേശനം 2021</u>**

**<u>ആദ്യഘട്ട അലോട്ട്മെൻറ് പ്രകാരമുള്ള പ്രവേശന തീയതി ദീർഘിപ്പിച്ചു.</u>**

കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിലെയും സ്വാശ്രയ മെഡിക്കൽ കോളേജുകളിലെയും എം.ബി.ബി.എസ്/ ബി.ഡി.എസ് കോഴ്സുകളിലേക്കുള്ള സംസ്ഥാന ക്വാട്ടാ സീറ്റുകളിൽ ആദ്യഘട്ട അലോട്ട്മെൻറ് ലഭിച്ച വിദ്യാർത്ഥികൾക്ക് അതാത് കോളേജുകളിൽ പ്രവേശനം നേടാനുള്ള തീയതി **07.02.2022** ൽ നിന്നും **09.02.2022** ഉച്ചയ്ക്ക് **2.00** മണി വരെയായി ദീർഘിപ്പിച്ചു. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ അഖിലേന്ത്യാ ക്വാട്ടാ സീറ്റുകളിലേക്കുള്ള പ്രവേശന തീയതി ദീർഘിപ്പിച്ച സാഹചര്യത്തിൽ സർക്കാർ അനുമതിയോടുകൂടിയാണ് സംസ്ഥാന അലോട്ട്മെൻറ് മുഖേനയുള്ള പ്രവേശന തീയതിയും ദീർഘിപ്പിച്ചു നൽകിയിട്ടുള്ളത്. വിദ്യാർത്ഥികൾ മേൽ പറഞ്ഞ തീയതിക്കുള്ളിൽ അലോട്ട്മെൻറ് ലഭിച്ച കോളേജുകളിൽ ഹാജരായി 02.02.2022 ലെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വിജ്ഞാപനപ്രകാരമുള്ള നിബന്ധനകൾ പാലിച്ച് പ്രവേശനം നേടേണ്ടതാണ്. നിശ്ചിത തീയതിക്കുള്ളിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റും ബന്ധപ്പെട്ട സ്ട്രീമിലെ ഉയർന്ന ഓപ്ഷനുകളും നഷ്ടമാകുന്നതാണ്.

ഹെൽപ് ലൈൻ നമ്പർ: 0471 2525300

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.02.07 15:34:35 IST
Reason: Approved

പ്രവേശന പരീക്ഷാ കമ്മീഷണർ

തിരുവനന്തപുരം
07 .02.2022